പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ. 1930 05/10/2016-ൽ മറുപടിയ്ക്ക്

## മായം കലർന്ന പാൽ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പാൽ ടാങ്കർ ലോറികൾ അതിർത്തി ചെക്ക് പോസ്റ്റുകൾ കടന്ന് സംസ്ഥാനത്തെത്തുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;ഇത്തരം പാലിൽ മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ടോ; മായം കലർന്നത് കണ്ടുപിടിക്കുവാനുള്ള സംവിധാനം എവിടെയൊക്കെ നിലവിലുണ്ട് ; വ്യക്തമാക്കുമോ; | (എ)ഉണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ എത്തുന്ന പാൽ ടാങ്കറുകളിൽ നിന്നുള്ള സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ രണ്ട് സാമ്പിളുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട് അവർക്കെതിരെ 2006–ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിയ്ക്കും പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഡയറി ലാബിലും 14 ജില്ലകളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിലും പാൽ പരിശോധന നടത്തുന്നതിനുള്ള സ്ഥിരം സൗകര്യം നിലവിലുണ്ട്. |
| (ബി) ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ ഇത്തരം പരിശോധന നടത്തുവാൻ സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി)ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് സ്ഥിരം സംവിധാനങ്ങൾ നിലവിലില്ല. |
| (സി) മായം കലർന്ന പാൽ കൊണ്ടുവരുന്നവർക്കെതിരെ ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ നടപടി എടുത്തിട്ടുണ്ട്; പാലിൽ മായം കലർത്തുന്ന ടാങ്കർ ലോറികൾ കണ്ടെത്തുവാനും നടപടി എടുക്കുവാനും ചെക്ക് പോസ്റ്റുകളിൽ ആവശ്യത്തിന് സംവിധാനം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) ഓണക്കാലത്ത് പാറശ്ശാല, ആര്യങ്കാവ്, കുമിളി, മീനാക്ഷിപുരം വാളയാർ എന്നിവിടങ്ങളിൽ താല്ക്കാലിക ചെക്ക് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തി പാൽ പരിശോധന നടത്തി വരുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ സ്ഥിര സംവിധാനം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ